"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് - 'ഫയർ വുമൺ', 'ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ' എന്നീ തസ്തികകളെ ലിംഗഭേദമന്യേ 'ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ' എന്ന് ഏകീകൃതമായി നാമകരണം ചെയ്ത് ഉത്തരവാകുന്നു.**

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/HOME    തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. സ.ഉ(കൈ) 161/2018/ഹോം തീയതി 10.10.2018
2. ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 26.03.2025 ലെ FIREHQ/213/2024-E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി വനിതകളെ റിക്രൂട്ട് ചെയ്യുന്നതിന് 100 പുതിയ 'ഫയർ വുമൺ' തസ്തികകൾ സൃഷ്ടിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. വകുപ്പിലെ അടിസ്ഥാന തസ്തികകൾ, ഫയർ & റസ്ക്യൂ ഓഫീസർ, ഫയർ & റസ്ക്യൂ ഓഫീസർ (ഡ്രൈവർ) എന്നിങ്ങനെ പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ ഫയർ വുമൺ തസ്തികയും 'വുമൺ ഫയർ & റസ്ക്യൂ ഓഫീസർ' എന്ന് പുനർനാമകരണം ചെയ്യണമെന്ന് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലിംഗസമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫയർ ആൻഡ് റെസ്ക്യൂ സർവീസസിലെ 'ഫയർ വുമൺ', 'ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ' എന്നീ തസ്തികകളെ ലിംഗഭേദമന്യേ **'ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ'** എന്ന് ഏകീകൃതമായി നാമകരണം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( 3215275/Exp-B4/24/2025-Fin. പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Ratheesh G R

Date: 12-01-2026 12:24:19